# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3434 — 08/11/2019-ൽ മറുപടിക്ക്

## തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ നിയമനം

**ചോദ്യം**

**(ശ്രീ. റ്റി.വി.രാജേഷ്)**

**മറുപടി**

**എ.സി. മൊയ്തീൻ**

(ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി )

(എ) തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഏതൊക്കെ തസ്തികകളിലാണ് ഇപ്പോൾ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളത് എന്നറിയാമോ; പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട് എന്നറിയിക്കാമോ;

(എ) തദ്ദേശ സ്വയംഭരണ എൻജിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് എൻജിനീയർ, ഒന്നാം തരം ഓവർസീയർ, രണ്ടാം തരം ഓവർസീയർ, മൂന്നാം തരം ഓവർസീയർ, ക്ലർക്ക്, ഓഫീസ് അറ്റന്റന്റ്, ഡ്രൈവർ എന്നീ തസ്തികകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട്. ടി ലിസ്റ്റുകളിൽ നിന്ന് നിയമനം നടത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അസിസ്റ്റന്റ് എൻജിനീയർ | 629 |
| ഒന്നാം തരം ഓവർസീയർ | 644 |
| രണ്ടാം തരം ഓവർസീയർ | 351 |
| മൂന്നാം തരം ഓവർസീയർ | 1246 |
| ക്ലർക്ക് | 139 |
| ഓഫീസ് അറ്റന്റന്റ് | 41 |
| ഡ്രൈവർ | 11 |
| ആകെ | 3061 |

നിലവിൽ കാലാവധി കഴിഞ്ഞിട്ടുള്ള ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ നിന്നും 14 നിയമനങ്ങൾ നടന്നിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി | ഒഴിവുള്ള തസ്തികകൾ യഥാസമയം പി.എസ്.സി.യെ അറിയിക്കുന്നതിനും നിയമനം നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | കേരള പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട തസ്തികകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും നിയമന ശുപാർശ ലഭ്യമാകുന്ന മുറയ്ക്ക് നിയമനം നൽകി വരികയും ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**